

# അതിപ്രഗത്ഭരുടെ ആദ്യ നിയമസഭ

മാർട്ടിൻ ശബരിഗിരി

ഐക്യകേരളത്തിന്റെ ആദ്യ നിയമസഭയിൽ അണിനിരന്നത് അതിപ്രഗത്ഭന്മാർ. ഭരണപക്ഷത്ത് ഇ.എം.എസ്., പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി, ജസ്ററിസ് വി.ആർ. കൃഷ്ണയ്യർ, സി. അച്യുതമേനോൻ തുടങ്ങിയവർ. പ്രതിപക്ഷത്താകട്ടെ പട്ടം താണുപിള്ള, പി.ടി. ചാക്കോ, സി.എച്ച മുഹമ്മദ്കോയ, തുടങ്ങിയവർ. കേരളത്തിലെ ഇന്നത്തെ സാമൂഹ്യ പരിഷ്ക്കാരങ്ങൾക്കെല്ലാം അടിത്തറയിട്ടത് പ്രഥമ സർക്കാരായിരുന്നു. അതിനുശേഷം അത്രത്തോളം ഉശിരുള്ള ഒരു കമ്മ്യൂണിസ്റ്റ് സർക്കാർ ഉണ്ടായിട്ടില്ല.

ഐക്യകേരളം രൂപീകരിച്ചതിന് ശേഷമുള്ള ആദ്യത്തെ നിയമ സഭാ തെരഞ്ഞെടുപ്പും രണ്ടാം ലോക് സഭാ തെരഞ്ഞെടുപ്പു 1957 ഫെബ്രുവരി 28നായിരുന്നു. 114 മണ്ഡലങ്ങളിൽ നിന്നായി 126 പേരെ നിയമസഭയിലേയ്ക്കും 17 മണ്ഡലങ്ങളിൽ നിന്നായി 18 പേരെ ലോകസഭയിലേക്കും തെരഞ്ഞെടുക്കണം. നിയമസഭാ മണ്ഡലങ്ങളിൽ 12 എണ്ണം ദ്വയാംഗ മണ്ഡലങ്ങളായിരുന്നു. ഇവയിൽ 11 എണ്ണം പട്ടിക ജാതിക്കാർക്കും ഒരു മണ്ഡലം പട്ടിക വർഗ്ഗക്കാർക്കും സംവരണം ചെയ്തതായിരുന്നു. നിയമസഭയിലേയ്ക്ക് മൊക്കം 406 സ്ഥാനാർത്ഥികൾ മത്സരിച്ചു. 65.48 ശതമാനം പോളിംഗ് രേഖപ്പെടുത്തി.

നിയമസഭാതെരഞ്ഞെടുപ്പിൽ ആദ്യ വിജയം നേടിയത് ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയായിരുന്നു. 60 സ്വന്തം സ്ഥാനാർത്ഥികളെയും അഞ്ച് സ്വതന്ത്രന്മാരെയും ജയിപ്പിച്ച് സി.പി.ഐ. ഒറ്റയ്ക്ക് അധികാരത്തിലെത്തി. ലോകത്തിൽ ആദ്യമായി കമ്മ്യൂണിസ്റ്റ് പാർട്ടി ബാലറ്റിലൂടെ അധികാരത്തിലെത്തി എന്ന ഖ്യാതിയും സി.പി.ഐക്ക് സ്വന്തം.

ലോക് സഭയിലേയ്ക്ക് തിരുവിതാം കൂറിൽ മികച്ച വിജയം സി.പിഐക്കായിരുന്നു. മലബാറിൽ അത്രത്തോളം വിജയം ഉണ്ടായില്ല.

1957 ഏപ്രിൽ 5ന് ആലപ്പുഴ വലിയ ചുടുകാട്ടിൽ പുന്നപ്ര വയലാർ രക്തസാക്ഷി കൾക്കും പി. കൃഷ്ണപിള്ള യ്ക്കും ആദരാഞ്ജലികൾ അർപ്പിച്ചശേഷം ഇ.എം.എസ്. മുഖ്യമന്ത്രി സ്ഥാനം ഏറ്റെടുത്തു. പതിനൊന്നാം മന്ത്രി സഭ യ്ക്കാണ് അദ്ദേഹം നേതൃത്വം നൽകിയത്. ഐക്യ കേരള ത്തിന്റെ പ്രത്യാശകൾക്കും പ്രതീക്ഷകൾക്കും സമൂർത്ത മായ ഒരു മാർഗ്ഗരേഖ തയ്യാറാ ക്കാനുള്ള ബാധ്യത ആ മന്ത്രിസഭയ്ക്കായിരുന്നു. അന്നത്തെ മന്ത്രി സഭാംഗങ്ങ ളെല്ലാം അതി പ്രഗത്ഭരായി രുന്നു ഇത്രത്തോളം പ്രതി ഭാധനജ്ഞർ ഉൾപ്പെട്ട ഒരു മന്ത്രി സഭ പിന്നീടൊരിക്കലും ഉണ്ടായിട്ടില്ല.



കാസർകോട് എ.കെ.ജിയുടെ വിജയം ആശ്വാസമായി.

നിയമസഭയിൽ 10 സീറ്റുകളി ലാണ് സി.പി.ഐ മത്സരിച്ചത്. 124 സീററുകളിൽ മത്സരിച്ച കോൺഗ്രസ് 43 സീറ്റുകൾ നേടി. 28 സീറ്റുകളിൽ മത്സരിച്ച ആർ.എ സ്.പിക്ക് ഒരു സീറ്റും നേടാനായില്ല. 86 കക്ഷിരഹിത സ്വതന്ത്ര സ്ഥാനാർത്ഥികൾ മത്സരിച്ചതിൽ 14 പേർക്ക് മാത്രമേ വിജയിക്കാൻ കഴിഞ്ഞുള്ളൂ. ഒമ്പത് വനിതാ സ്ഥാനാർത്ഥികളിൽ അഞ്ചുപേർ വിജയിച്ചു. ഓരോ ഇടത്തിലും സി.പി.ഐ യുടെ അരിവാൾ പെട്ടിയും കോൺഗ്രസ്സിന്റെ കാളപ്പെട്ടുയും പി.എസ്. പി.യുടെ കുടം പെട്ടിയും സജ്ജമാക്കിയിരുന്നു.

സി.പി.ഐ നേതാക്കളായ ഇ.എം.എസ്. നമ്പൂതിരിപ്പാട് നിലേശ്വരം മണ്ഡലത്തിലും സി. അച്ചുതമേനോൻ, ഇരിഞ്ഞാ ലക്കുല മണ്ഡലത്തിലും ടി.വി. തോമസ് ാലപ്പുഴയിലും കെ.ആർ. ഗൗരിയമ്മ ചേർത്തലയിലും വിജ യിച്ചു. കോൺഗ്രസ്സ് നേതാവ് പന മ്പിള്ളി ഗോവിന്ദമേനോൻ ചാലക്കുടി മണ്ഡലത്തിൽ പരാജയപ്പെട്ടു.

1957 ഏപ്രിൽ 5ന് ആലപ്പുഴ വലിയ ചുടുകാട്ടിൽ പുന്നപ്ര വയലാർ രക്തസാക്ഷികൾക്കും പി. കൃഷ്ണപിള്ളയ്ക്കും ആദ രാഞ്ജലികൾ അർപ്പിച്ചശേഷം ഇ.എം.എസ്. മുഖ്യമന്ത്രി സ്ഥാനം ഏറ്റെടുത്തു. പതിനൊന്നാം മന്ത്രി സഭയ്ക്കാണ് അദ്ദേഹം നേതൃത്വം നൽകിയത്. ഐക്യ കേരളത്തിന്റെ പ്രത്യാശകൾക്കും പ്രതീക്ഷകൾ ക്കും സമൂർത്തമായ ഒരു മാർഗ്ഗ രേഖ തയാറാക്കാനുള്ള ബാധ്യത ആ മന്ത്രിസഭയ്ക്കായിരുന്നു.

അന്നത്തെ മന്ത്രി സഭാംഗങ്ങളെല്ലാം അതി പ്രഗത്ഭരായിരുന്നു ഇത്ര ത്തോളം പ്രതിഭാധനജ്ഞർ ഉൾപ്പെട്ട ഒരു മന്ത്രി സഭ പിന്നീടൊരിക്കലും ഉണ്ടായിട്ടില്ല. പാണ്ഡിത്യവും പ്രാഗത്ഭ്യം തീഷ്ണമായ സമരാനുഭവങ്ങളും ഒരുമിച്ച വ്യക്തിത്വങ്ങൾ അവരേ ക്കാൾ കിട പിടിക്കുന്നതായിരുന്നു പ്രതിപക്ഷ നിരയും. പട്ടം താണു പിള്ള, പി.ടി. ചാക്കോ, സി.എച്ച്

## മന്ത്രിമാർ



ജോസഫ് മുണ്ടശ്ശേരി



വി. ആർ. കൃഷ്ണയ്യർ



സി. അച്ച്യുത മേനോൻ




കെ. ആർ. ഗൗരിയമ്മ

## പ്രതിപക്ഷ നേതാക്കൾ



പട്ടം എ. താണുപിള്ള



പി. ടി. ചാക്കോ



സി. എച്ച്. മുഹമ്മദ് കോയ



**കേരളത്തിലെ ആദ്യ മന്ത്രിസഭാംഗങ്ങൾ**

**കർഷകർക്കും കർഷകതൊഴിലാളികൾക്കും കുടികിടപ്പുകാർക്കും ആഹ്ളാദമായി. തുടർന്ന് രണ്ടു വർഷത്തിനകം ഭൂപരിഷ്കരണ നിയമം പാസ്സാക്കി. അടുത്തത് വിദ്യാഭ്യാസ നിയമമായിരുന്നു. സർക്കാർ സ്കൂളുകളേതുപോലെ സ്വകാര്യ സ്കൂളുകളിലും അധ്യാപകർക്ക് സർക്കാർ നേരിട്ട് ശമ്പളം നൽകുന്നതിന് നിയമമായി. ഒപ്പം അധ്യാപക നിയമനത്തിന് പൊതുമാനദണ്ഡങ്ങളും നിലവിൽ വന്നും. മാനേജ് മെന്റുകളുടെ അധികാരങ്ങൾ കവരുന്നു എന്ന പേരിൽ വലിയ എതിർപ്പുണ്ടായി. അധികാരവികേന്ദ്രീകരണ ത്തിനായി രണ്ട് ബില്ലുകളും സഭയിൽ അവതരിപ്പിച്ചു.**

മുഹമ്മദ്കോയ തുടങ്ങിയവരട ങ്ങിയ പ്രതിപക്ഷ നിര നിയമസഭയ് ക്കകത്തും പുറത്തും സർക്കാരിന് തലവേദന സൃഷ്ടിച്ചുകൊണ്ടിരുന്നു. കേന്ദ്ര സർക്കാരിന്റെ പിന്തുണ കൂടിയുള്ളതുകൊണ്ട് പ്രതിപക്ഷം ആസൂത്രിതമായ പ്രക്ഷോഭങ്ങൾക്ക് പടയൊരുക്കം തുടങ്ങി.

അതേസമയം അധികാര ത്തിലെത്തി ആറാമത്തെ ദിവസം തന്നെ ഒഴിപ്പിക്കൽ തടഞ്ഞുകൊ ണ്ടുള്ള ഓർഡിനൻസ് കൊണ്ടുവ ന്നത് രാജ്യത്താകെ വലിയ ചലനം സൃഷ്ടിച്ചു. ഭൂപരിഷ്കരണത്തിലേയ് ക്കുള്ള ചുവടുവെപ്പായിരുന്നു അത്. കർഷകർക്കും കർഷകതൊഴിലാ ളികൾക്കും കുടികിടപ്പുകാർക്കും ആഹ്ളാദമായി. തുടർന്ന് രണ്ടു വർഷത്തിനകം ഭൂപരിഷ്കരണ നിയമം പാസ്സാക്കി. അടുത്തത് വിദ്യാഭ്യാസ നിയമമായിരുന്നു. സർക്കാർ സ്കൂളുകളേതുപോലെ സ്വാകര്യ സ്കൂളുകളിലും അധ്യാ പകർക്ക് സർക്കാർ നേരിട്ട് ശമ്പളം നൽകുന്നതിന് നിയമമായി. ഒപ്പം അധ്യാപക നിയമനത്തിന് പൊതു മാനദണ്ഡങ്ങളും നിലവിൽ വന്നും. മാനേജ് മെന്റുകളുടെ അധികാ രങ്ങൾ കവരുന്നു എന്ന പേരിൽ വലിയ എതിർപ്പുണ്ടായി. അധികാ രവികേന്ദ്രീകരണത്തിനായി രണ്ട് ബില്ലുകളും സഭയിൽ അവതരിപ്പിച്ചു.

ബില്ലുകൾ പാസ്സാക്കി നിയമസഭാ സമ്മേളനം അവസാനി ച്ചപ്പോഴേയ്ക്കും വിമോചന സമര ത്തിന് തുടക്കമായി. 1959 ജൂൺ 13ന് ആരംഭിച്ച ഈ സമരത്തിൽ

അങ്കമാലിയിലടക്കം ഒട്ടേറെ കേന്ദ്രങ്ങളിൽ പോലീസ് വെടി വെപ്പുണ്ടായി. കകുറെയധികം പേർ കൊല്ലപ്പെട്ടു. ഒടുവിൽ 1959 ജൂലൈ 31ന് മന്ത്രിസഭയെ രാഷ്ട്രപതി പിരിച്ചുവിട്ടു. അങ്ങനെ ആദ്യത്തെ ജനകീയ മന്ത്രിസഭ പാതിവഴിയിൽ പിരിഞ്ഞു പോകുകയായിരുന്നു.

വിമോചന സമരം ക്രമസമാ ധാനപാലനം അവതാളത്തിലാക്കി യതിനൊപ്പം സംസ്ഥാനത്തൊട്ടാ കെ ഭക്ഷ്യക്ഷാമം രൂക്ഷമാകുകയും ചെയ്തിരുന്നു. മുഖ്യമന്ത്രിയുടെ അഭ്യർത്ഥന മാനിച്ച പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തിരുവനന്തപുരത്തെത്തി ഭരണ പ്രതിപക്ഷ നേതാക്കളുമായി ചർച്ച നടത്തിയെങ്കിലും ഫലമൊന്നുമു ണ്ടായില്ല. സംസ്ഥാനത്ത് ഭരണ സ്തംഭനം ഉണ്ടെന്ന ഗവർണ്ണറുടെ റിപ്പോർട്ട് കണക്കിലെടുത്താണ് ഭരണഘടനയുടെ 356-ാം വകുപ്പ് പ്രകാരം സർക്കാരിനെ പിരിച്ചുവിട്ടത്.

ഇൻഡ്യൻ രാഷ്ട്രീയത്തിലെ ഏക്കാലത്തെയും കറുത്ത ധ്യായമായി അത്. പിന്നീട് കാലാ കാലങ്ങളിൽ ഇതേ വകുപ്പ് അനുസ രിച്ചുതന്നെ പല സംസ്ഥാന ഗവൺ മെന്റുകളും പിരിച്ചുവിടപ്പെട്ടു.

ആദ്യമന്ത്രി സഭയിലെ മന്ത്രിമാരുടെ ശമ്പളം 500 രൂപ യായിരുന്നു. എന്നാൽ മിക്ക മന്ത്രി മാരും 350 രൂപ മാത്രമെ കൈപ്പററു കയുള്ളൂ എന്ന് രേഖാമൂലം എഴുതി അറിയിച്ചു. ഇന്നാണെങ്കിലോ?

അക്രമം വർധിക്കുന്നു എന്ന് ആരോപണം ഉയർന്നപ്പോൾ അത് പരിശോധിക്കാൻ പ്രതിപക്ഷം തന്നെ അനൗദ്യോഗിക അന്വേഷണ സമിതിയെ നിയോഗി ക്കാൻ നിർദ്ദേശിച്ച സർക്കാരായി രുന്നു ഇ.എം.എസിന്റേത്. ഇന്ന് അങ്ങനെയൊരു നിർദ്ദേശം സ്വപ്നം കാണാനാകുമോ?

അതെ, അന്നത്തെ രാഷ്ട്രീയ ക്കാർക്ക് ഹൃദയ വിശാലത ഉണ്ടാ യിരുന്നു. ഇന്നാണെങ്കിലോ ഹൃദയ ശൂന്യരും...